# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2297 13.02.2013 ൽ മറുപടിക്ക്

**മെമു സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം:<br>ശ്രീ. മാത്യു. റ്റി. തോമസ്:<br>ശ്രീ. ജോസ് തെറ്റയിൽ:<br>ശ്രീ. സി.കെ.നാണു: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ പ്രധാന പാതകൾ വഴി റെയിൽവേ തുടങ്ങുമെന്ന് പറഞ്ഞ 'മെമു സർവ്വീസുകൾ' ആരംഭിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രഖ്യാപിക്കപ്പെട്ട മെമു ട്രെയിനുകളിൽ എറണാകുളം - കൊല്ലം, ആലപ്പുഴ വഴിയും എറണാകുളം - കൊല്ലം കോട്ടയം വഴിയും മെമു ട്രെയിനുകളും കൊല്ലം - നാഗർഗോവിൽ മെമു ട്രെയിനും സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. എറണാകുളം - തൃശ്ശൂർ, പാലക്കാട് - ഈറോഡ് മെമു ട്രെയിനുകളാണ് ഇനിയും സർവ്വീസ് ആരംഭിച്ചിട്ടില്ലാത്തത്. |
| (ബി) | എറണാകുളം - തൃശ്ശൂർ മെമു സർവ്വീസ് എന്നത്തേയ്ക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ; | (ബി) | റെയിൽവേ സമയപ്പട്ടിക അനുസരിച്ചുള്ള പുന:ക്രമീകരണം നടത്തിയ ശേഷം ഉടനെതന്നെ എറണാകുളം - തൃശ്ശൂർ മെമു ട്രെയിൻ സർവ്വീസ് ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | റെയിൽവേ പ്രഖ്യാപിച്ച മെമു സർവ്വീസുകൾ തുടങ്ങിയിട്ടില്ല എന്നുള്ളത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പ്രഖ്യാപിച്ച മെമു ഉൾപ്പെടെയുള്ള ട്രെയിൻ സർവ്വീസുകൾ ആരംഭിക്കണമെന്ന് 2013-14 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് 2012 നവംബർ മാസം കേന്ദ്രസർക്കാരിനു സമർപ്പിച്ച നിവേദനത്തിലും കോഴിക്കോട് വച്ച് 02.01.2013 ന് കേന്ദ്ര റെയിൽവേ മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**